# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4959 30-06-2014-ലെ മറുപടിയ്ക്ക്

## പൊതുസേവനത്തിലെ നൂതനാശയങ്ങൾക്ക് പുരസ്കാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ റ്റി. ജോർജ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് പൊതുസേവനത്തിനുള്ളനൂതനാശയങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്ത മാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | സർക്കാർ നടപടി ക്രമങ്ങൾ ലഘൂകരിക്കുക, പൊതുസേവനങ്ങൾ വേഗത്തിലും, കൃത്യമായും ലഭ്യമാക്കുക, പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾപ്രോത്സാഹിപ്പിക്കുക, വിവിധ മേഖലകൾ വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക മുതലായവയാണ് ഇതിന്റെ മുഖ്യ ലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് യൂണിറ്റുകൾ, പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് (NGOs) എന്നീ സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ സ്വീകരിക്കുന്നു. ഡവലപ്മെന്റൽ ഇന്റർവെൻഷൻസ്, പേഴ്സണൽ മാനേജ്മെന്റ്, പബ്ലിക് സർവ്വീസ് ഡെലിവറി, പ്രൊസീഡ്യുറൽ ഇന്റർവെൻഷൻസ് എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. |
| (ഡി) | പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്? | | |

→

2011 –ൽ പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ

| ക്രമ നം. | വിഭാഗം | ഇനിഷ്യേറ്റീവ് | വകുപ്പ് |
|---|---|---|---|
| 1 | ഡെവലപ്പ്മെൻറൽ ഇൻറർവെൻഷൻസ് | ശ്രീ. പി. രാജീവ്. എം.പിയുടെ എം.പി.എൽ.എ.ഡി സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Suchi @school പദ്ധതി | വിദ്യാഭ്യാസ വകുപ്പ് |
| 2 | പബ്ലിക്ക് സർവ്വീസ് ഡെലിവറി | 1. കേരളാ സ്റ്റേറ്റ് ലാൻറ് ബാങ്ക്<br>2. ശബരിമല വെബ് പോർട്ടൽ& വെർച്വൽ ക്യൂ കൂപ്പൺ | റവന്യൂ വകുപ്പ്<br>പോലീസ് വകുപ്പ് |
| 3 | പ്രൊസീഡറൽ ഇൻറർവൻഷൻസ് | ഇ-ടാക്സ് അഡ്മിനിസ്ട്രേഷൻ | വാണിജ്യനികുതി വകുപ്പ് |

2012 –ൽ പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ

| ക്രമ നം. | വിഭാഗം | ഇനിഷ്യേറ്റീവ് | വകുപ്പ് |
|---|---|---|---|
| 1 | ഡെവലപ്പ് മെൻറൽ ഇൻറർവെൻഷൻസ് | പറമ്പിക്കുളം വനം പ്രോജക്റ്റ് | വനം വകുപ്പ് |
| 2 | പബ്ലിക്ക് സർവ്വീസ് ഡെലിവറി | 1.ഡിസ്ട്രസ്സ് കൌൺസിലിംഗ്. ഡിസിട്രിക്റ്റ് പോലീസ് വിമൻ സെൽ, പാലക്കാട്<br>2. വേസ്റ്റ് ഡിസ്പോസ്സൽ ഇനിഷ്യേറ്റീവ് | പോലീസ് വകുപ്പ്<br>ആറ്റിങ്ങൽ മുനിസിപ്പാലിറ്റി |
| 3 | പ്രൊസീഡറൽ ഇൻറർവെൻഷൻസ് | ഇ- സാൻറ് പ്രോജക്റ്റ് | കാസർഗോഡ് ജില്ലാ ഭരണകൂടം |

2011 ലും 2012 ലും പേഷ്യണൽ മാനേജ്മെൻറ് വിഭാഗത്തിൽ എൻട്രികൾ ലഭിക്കാതിരു ന്നതിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകിയില്ല. 2011 ലെ അവാർഡ് ജേതാക്കളായ സ്ഥാപനങ്ങൾക്ക് 4 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും ബഹുമതി പത്രവുമാണ് നൽകിയത്. കൂടാതെ അവാർഡ് നേടുന്നതിന് കാരണമായ ആവിഷ്കാരത്തിന് പിന്നിൽ പ്രവർത്തിച്ച വിവിധ വിഭാഗം ജീവനക്കാർക്ക് സർട്ടിഫിക്കറ്റുകളും നൽകുന്നുണ്ട്. 2012 മുതൽ അവാർഡ് തുക 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ